LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പൽ കോർപ്പറേഷനുകളുടെ വികസനത്തിനുവേണ്ടി എ.ഡി.ബി. വായ്പ

124 [1600] ശ്രീമതി സാവിത്രി ലക്ഷ്മണൻ:
ശ്രീ. വർക്കല കഹാർ :
,, തേറമ്പിൽ രാമകൃഷ്ണൻ :
,, ടി. വി. ചന്ദ്രമോഹൻ :
,, ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷനുകളുടെ വികസനത്തിനുവേണ്ടി എ.ഡി.ബി. വായ്പയെടുക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു തുകയാണ് വായ്പയെടുക്കുന്നത്;

(സി) ഇവ എന്തെല്ലാം കാര്യങ്ങൾക്ക് വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം 1250 കോടി രൂപ.

(സി) കേരളത്തിലെ മുനിസിപ്പൽ കോർപ്പറേഷനുകളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും, സേവന മേഖലകളിലും വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരം രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിലെ ഫ്ളാറ്റുകൾക്ക് റ്റി. സി. നമ്പർ നൽകാൻ നടപടി

125 [1601] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിലെ 45,46,47,48 നമ്പർ ബ്ലോക്കുകളിൽപ്പെട്ട ഫ്ളാറ്റുകൾക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് റ്റി.സി. നമ്പർ നല്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ബ്ലോക്കുകളിൽപ്പെട്ട ഫ്ളാറ്റുകൾ തിരുവനന്തപുരം കോർപ്പറേഷന്റെ ഏത് വാർഡിൽ/ഡിവിഷനിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബ്ലോക്കുകൾക്ക് റ്റി.സി. നമ്പർ നൽകിയിട്ടില്ലെങ്കിൽ അടിയന്തിരമായി റ്റി.സി. നമ്പരുകൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരമന ഡിവിഷനിൽ.

(സി) ചോദ്യം ഉദിക്കുന്നില്ല.

നഗരസഭകൾ ആരംഭിക്കുന്ന മൊബൈൽ ടോയ്‌ലറ്റുകൾ

126 [1602] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. വി. ബാലറാം:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം നഗരസഭകൾ മൊബൈൽ ടോയ്‌ലറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവ എത്ര ടോയ്‌ലറ്റുകൾ വീതമാണ് വാങ്ങുന്നതെന്നും ഇത്തരം ടോയ്‌ലറ്റുകൾക്ക് എന്തു വിലയാകുമെന്നും വ്യക്തമാക്കുമോ;

(സി) ഇത് ഉപയോഗിക്കുവാൻ ആളുണ്ടാകുമോ;

(ഡി) ഇത് ഉപയോഗിക്കുന്നതിന്റെ ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊച്ചി, തിരുവനന്തപുരം എന്നീ കോർപ്പറേഷനുകളിൽ മൊബൈൽ ടോയ്‌ലറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭയിൽ എത്രയെണ്ണം വാങ്ങണമെന്ന വിഷയം കൗൺസിലിന്റെ പരിഗണനയിലാണ്. കൊച്ചി കോർപ്പറേഷനിൽ 5,56,510 രൂപ വിലവരുന്ന 14 എണ്ണത്തിന്റെയും 4,40,000 രൂപ വിലവരുന്ന 8 എണ്ണത്തിന്റെയും ഓരോ യൂണിറ്റുകൾ വീതം വാങ്ങാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉപയോഗിക്കുവാൻ ആളുണ്ടാകുമെന്ന് കരുതുന്നു.

(ഡി) തിരുവനന്തപുരം നഗരസഭയിൽ ഇതു സംബന്ധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly